**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 566** — **09-08-2023 - ൽ മറുപടിയ്ക്ക്**

**ഇ-വേ ബിൽ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തികവർഷം സ്വർണ്ണ വ്യാപാരത്തിലൂടെ നികുതിയായി ലഭിച്ച തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ജി.എസ്.ടി സമ്പ്രദായത്തിന്റെ തുടക്കത്തിൽ വിഭാവനം ചെയ്ത റിട്ടേൺ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകാരണം ചരക്കുകളുടെ ഇനം തിരിച്ചുള്ള കൃത്യമായ നികുതിയടവ് സംബന്ധിച്ചുള്ള വിവരങ്ങൾ നിലവിൽ ലഭ്യമാകാത്ത സ്ഥിതിയാണ്. സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിനു 5 ശതമാനം ആയിരുന്നു നികുതി നിരക്ക്. ജി.എസ്.ടി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിനു നികുതി നിരക്ക് 3 ശതമാനം ആയിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ. |
| (ബി) | സംസ്ഥാനത്ത് അനധികൃത സ്വർണ്ണ വ്യാപാരവും നികുതി വെട്ടിപ്പും തടയുന്നതിനായി ഇ-വേ ബിൽ സംവിധാനം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. എച്ച്.എസ് കോഡ് 71ന് കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും പ്രെഷ്യസ് സ്റ്റോണിന്റെയും നീക്കത്തിന് ഇ-വേ ബിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് (GOM) സമർപ്പിച്ച ശിപാർശപ്രകാരം മേൽ സൂചിപ്പിച്ച സ്വർണ്ണം, പ്രെഷ്യസ് സ്റ്റോൺസ് എന്നിവയുടെ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്ക് ഇ -വേ ബിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന സംസ്ഥാനങ്ങൾ സി.ജി.എസ്.ടി/ എസ്.ജി.എസ്.ടി നിയമത്തിന്റെ ചട്ടത്തിൽ 138 F എന്ന ഒരു പ്രത്യേക ചട്ടം ഉൾപ്പെടുത്താൻ 2023, ജൂലൈയിൽ നടത്തപ്പെട്ട 50 -ാമത് ജി. എസ്.ടി കൗൺസിൽ യോഗം ശിപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേന്ദ്ര ജി എസ് ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കേന്ദ്ര നോട്ടിഫിക്കേഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര നോട്ടിഫിക്കേഷൻ വന്നതിനുശേഷം സംസ്ഥാന ചരക്ക് സേവന നികുതി ചട്ടങ്ങളിൽ ഇത് സംബന്ധിച്ച ഭേദഗതികൾ വരുത്തി ഇ -വേ ബിൽ നടപ്പിൽ വരുത്താൻ സാധിക്കും. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംവിധാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കും ചെറുകിട വ്യാപാരികൾക്കും തൊഴിലാളികൾക്കും ഉണ്ടാകാനിടയുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വിശദമാക്കാമോ? | (സി) | **ചരക്ക് കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നടപ്പിലാക്കിയപ്പോൾ തന്നെ ഇതുമായി ബന്ധപ്പെട്ട നിരവധി ബോധവൽക്കരണ പരിപാടികളും പരിശീലന ക്ലാസ്സുകളും ജി.എസ്.ടി വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഇ-വേ ബിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിരവധി ട്യൂട്ടോറിയലുകൾ നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്വർണ്ണത്തിന് ഇ-വേ ബിൽ തയ്യാറാക്കുമ്പോൾ പൊതുജനങ്ങൾക്കും ചെറുകിട വ്യാപാരികൾക്കും തൊഴിലാളികൾക്കും ഉണ്ടാകാനിടയുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ